**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2061** **16-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഗുണ്ടാ ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. പ്രേംകുമാർ** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 16.12.2021 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം.34/2021/PHQ പ്രകാരം ജില്ലാ പോലീസ് മേധാവിമാരുടെ മേൽ നോട്ടത്തിൽ എല്ലാ പോലീസ് ജില്ലയിലും Special Action Group against Organised Crime (SAGOC) ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത (SAGOC)-യിൽ അംഗങ്ങളാണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC യുടെ ഉദ്ദേശ ലക്ഷ്യം. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻഹൗസ് ഓഫീസർമാരും അവരുടെ സ്റ്റേഷൻ പരിധിയിൽ |

| | | | |
|---|---|---|---|
| | | | നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാൻ കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുവാനും ടി ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഗുണ്ടാപ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പ്രതികളെ പിടികൂടുന്നതിനുമായി ബന്ധപ്പെട്ട സേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനങ്ങളും സൗകര്യങ്ങളും ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ഗുണ്ടകളുടെ പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് തടയുന്നതിന് സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ പരിധിയിലുമുള്ള ഗുണ്ടകളുടെയും സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെയും , സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽ എർപ്പെടുന്നവരുടെയും ലിസ്റ്റുകൾ പ്രത്യേകം തയ്യാറാക്കി ഗുണ്ടകളുടെയും അവരുടെ കൂട്ടാളികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നുണ്ട്. അവരുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 107 CrPC, 110 CrPC പ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ KAA(P)Aയിലെ വിവിധ വകുപ്പുകൾ ചുമത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സേനാംഗങ്ങൾക്ക് നിലവിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പ്രത്യേകം പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | ഈ കാലയളവിൽ പിടികിട്ടാപ്പുള്ളികളെയും വിവിധ കേസുകളിൽപ്പെട്ടിട്ടുള്ളവരുമായ പ്രതികളെ പിടികൂടുന്നതിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിടികിട്ടാപ്പുള്ളികളെയും വിവിധ കേസുകളിൽപ്പെട്ടിട്ടുള്ളവരെയും പിടികൂടുന്നതിന് സ്റ്റേഷൻ തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഓപ്പറേഷൻ കാവലിന്റെ ഭാഗമായി മുൻ കുറ്റവാളികളായ 602 ഗുണ്ടകളെയും, 15070 സാമൂഹ്യ വിരുദ്ധരേയും (കരുതൽ തടങ്കൽ ഉൾപ്പെടെ) പിടികൂടിയിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | തലസ്ഥാനനഗരിയിലെ ഗുണ്ടാ ആക്രമണം തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഏർപ്പെടുത്തിയ കാവൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഗുണ്ടാ ആക്രമണം തടയുന്നതിനും, നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടു വരുന്നതിനും ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതു പ്രകാരം ഒരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നവരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി സമയ ബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് നടപ്പിലാക്കിയ ഓപ്പറേഷൻ കാവൽ എന്ന പദ്ധതി വളരെ കാര്യക്ഷമമായി തന്നെ നടപ്പിലാക്കി വരുന്നു. |
| (ഇ) | ഗുണ്ടാ ആക്രമണങ്ങളുടെയെല്ലാം പിന്നിൽ മുഖ്യമായും ലഹരി ഉപയോഗവും മയക്കുമരുന്ന് കച്ചവടവുമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (ഇ) | ഗുണ്ടാ ആക്രമണങ്ങളുടെ പിന്നിൽ ലഹരി ഉപയോഗത്തിന്റെ സ്വാധീനമുണ്ടാകുന്നുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും തടയുന്നതിനായി നിരന്തരം സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നു. കൂടാതെ പോലീസുകാർ മഫ്തിയിൽ സഞ്ചരിച്ച് ലഹരിമരുന്ന് ഇടപാടുകൾ നടക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ നിരീക്ഷിച്ച് അവിടെ പോലീസ് റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് രഹസ്യവിവരം കൈമാറാനായി പോലീസ് വകുപ്പ് വിവിധ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിനും അതുമായി ബന്ധപ്പെട്ട് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ജില്ലാ തലങ്ങളിൽ പോലീസ് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പോലീസിന്റെ ഇത്തരം ശക്തമായ നടപടികളിലൂടെ സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |
| (എഫ്) | പോലീസ്-എക്സൈസ് സേനകളുടെ സംയുക്ത പരിശോധന വ്യാപകമാക്കുന്നതിനും ശക്തമായ പോലീസ് നിരീക്ഷണം തുടരുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | സംസ്ഥാനത്തെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും അതുമായി ബന്ധപ്പെട്ട് നടക്കുന്ന മറ്റ് കുറ്റകൃത്യങ്ങൾ തടയുന്നതിനും മറ്റുമായി പോലീസും എക്സൈസും തമ്മിൽ യോജിച്ചുള്ള പല വിജയകരമായ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതാണ്. തങ്ങൾക്കു കിട്ടുന്ന രഹസ്യവിവരങ്ങളും തെളിവുകളും അറസ്റ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യപ്പെടുന്ന കുറ്റവാളികളുടെ വിവരങ്ങളും കേസ്സുകളുടെ അന്വേഷണത്തിന് പരസ്പരം കൈമാറുകയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭിക്കുന്ന വിവരങ്ങൾ കൈമാറുന്നത് വഴി പല കേസ്സുകളുടെ ഉറവിടം കണ്ടെത്തുന്നതിനും ആയതുവഴി പല കേസ്സുകൾ തെളിയിക്കുന്നതിനും സഹായകരമായിട്ടുള്ളതാണ്. തുടർന്നും മയക്കുമരുന്ന് ഉപഭോഗവും വിതരണവും തടയുന്നതിന് പോലീസും എക്സൈസും തമ്മിൽ യോജിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ